(ബി) ഇതുസംബന്ധിച്ച് ആർക്കെങ്കിലുമെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ വ്യവസായ കോർപ്പറേഷനോട് അനുമതി ചോദിച്ചിരുന്നുവോ; എങ്കിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് അനുമതി നിക്ഷേപിച്ചിരുന്നുവോ; എങ്കിൽ കാരണമെന്താണ്;

(സി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിൽ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്;

(ഡി) കോമിൻകോ ബിനാനി ബാങ്ക് ഷെയർ വിറ്റ പണം സ്വകാര്യ സ്ഥാപനത്തിൽ നിക്ഷേപിച്ച് ബന്ധുക്കൾക്ക് ജോലിനേടിയതായി പറയപ്പെടുന്ന കേസ്സിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ വ്യവസായവകുപ്പിനോട് അനുമതി ചോദിച്ചിട്ടുണ്ടോ; എങ്കിൽ അനുമതി കൊടുത്തിട്ടുണ്ടോ; അല്ലെങ്കിൽ കാരണമെന്താണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ വിജിലൻസ് വിഭാഗം 13/98 എസ്.ഐ.യു. നമ്പരായി ഒരു കേസ്സ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ നിലവിലുണ്ടായരുന്ന കമ്പോളവിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഷെയറുകൾ വിൽപ്പന നടത്തിയിട്ടുള്ളതെന്നും തൻമൂലം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് 29,88,776 രൂപയുടെ നഷ്ടം ഉണ്ടായതായും വിജിലൻസ് വിഭാഗം റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഷെയർ വിറ്റുകിട്ടിയതിൽ 8.92 കോടി രൂപ എച്ച്.ഡി.എഫ്.സി.യിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. മുൻ മാനേജർ (അക്കൗണ്ട്സ്) ശ്രീ. ബി. ചന്ദ്രശേഖരൻ നായർ (ഇപ്പോൾ ജനറൽ മാനേജർ) ക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാൻ അനുമതി ചോദിച്ചിരുന്നു. ഇതു പഠിക്കുവാനായി ഡയറക്ടർ ബോർഡ് ഒരു കമ്മിറ്റി രൂപവൽക്കരിച്ചിരിക്കുകയാണ്. കമ്മിറ്റിയുടെ റിപ്പോർട്ട് ആയിട്ടില്ല.

(സി) മേൽപ്പറഞ്ഞ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ വിജിലൻസ് കേസ്സ് നിലവിലുണ്ട്.

1. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്. (റിട്ട.) മുൻ ചെയർമാൻ
2. ശ്രീ. വി. സോമസുന്ദരൻ, ഐ.എ.എസ്. മുൻ. എം.ഡി.
3. ശ്രീ. ബി. ചന്ദ്രശേഖരൻ നായർ, ജനറൽ മാനേജർ.

(ഡി) കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ വിറ്റതു സംബന്ധിച്ച കേസ്സിൽ പ്രതികളെ പ്രോസിക്യൂട്ടുചെയ്യാൻ വിജിലൻസ് ബ്യൂറോ സർക്കാരിന്റെ അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**18 (593) തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ**

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ എത്ര വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു;

(ബി) ഇതിലൂടെ എത്ര ആളുകൾക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു എന്നറിയിക്കുമോ?

ഉത്തരം

(എ) 11 യൂണിറ്റുകൾ. ഇതിൽ 3 യൂണിറ്റുകൾ ഇപ്പോൾ വീണ്ടും പൂട്ടിക്കിടക്കുകയാണ്. ചെറുകിട വ്യവസായ യൂണിറ്റുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 1346 പേർക്ക്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

**19 (594) തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങൾ**

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നപ്പോൾ സംസ്ഥാനത്ത് ആകെ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടന്നിരുന്നു; ഇതിൽ പൊതുമേഖലയിൽ ഉള്ളവ ഏതെല്ലാം;

(ബി) അവയിൽ എത്രയെണ്ണം തുറന്നു പ്രവർത്തിച്ചു; ഇപ്പോഴും പൂട്ടിക്കിടക്കുന്നവ എത്ര;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് താഴെപ്പറയുന്ന മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയായിരുന്നു.

1. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.
2. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ എ ഡിവിഷൻ.
3. ചാലക്കുടി റിഫ്രാക്ടറീസ്.

(ബി) കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ എ ഡിവിഷൻ എന്നിവ ഈ സർക്കാരിന്റെ കാലത്ത് തുറന്നു പ്രവർത്തിപ്പിച്ചു. ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് ഇപ്പോഴും പൂട്ടിക്കിടക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, പുനരുദ്ധരിക്കുവാൻ കഴിയാത്തതുകൊണ്ട് കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പുമെന്റ് കോപ്പറേഷൻ ലിമിറ്റഡ്, കേരളാ പ്രിമോ പൈപ്പു ഫാക്ടറി ലിമിറ്റഡ് എന്നിവ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly